# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1286 — 11.02.2016-ൽ മറുപടിക്ക്

### ഭൂമി വിൽപ്പന

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സാജു പോൾ** | **ശ്രീ.അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) കേരളത്തിൽ ഭൂമി വിൽപ്പന വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് അറിയിക്കുമോ; | ബി) ഈ സർക്കാരിന്റെ കാലത്ത് കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ കണക്ക് അനുബന്ധം ആയി ചേർക്കുന്നു. |
| സി) ഭൂമി വിൽപ്പന നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ; | സി) ഓരോ വർഷവും ഭൂമി രജിസ്ട്രേഷന്റെ എണ്ണം കുറഞ്ഞുവരികയാണ്. സർക്കാരിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഭൂമി രജിസ്ട്രേഷന് ഒരു സുപ്രധാന പങ്കുണ്ട്. ഭൂമി വിൽപ്പന നിയന്ത്രിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും രജിസ്ട്രേഷൻ വകുപ്പിന്റെ പരിഗണനയിലില്ല. |
| ഡി) രജിസ്ട്രേഷൻ വകുപ്പ് റവന്യൂ വകുപ്പുമായി ചേർന്ന് നടത്തുന്ന ഓൺലൈൻ സേവനങ്ങൾ എന്തെല്ലാം ; സേവനങ്ങളെല്ലാം ഓൺലൈൻ മുഖേനയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകൾ സംയുക്തമായി Relis (Revenue Land Information System) സംവിധാനം പ്രയോജനപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിവരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഒട്ടാകെ നിലവിൽ 250 സബ് രജിസ്ട്രാർ ആഫീസുകൾ ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വകുപ്പിന്റെ ഓൺലൈൻ സോഫ്റ്റ്‌വെയർ ആയ "ഓപ്പൺ പേൾ" മുഖാന്തിരം ആധാര രജിസ്ട്രേഷന് മുന്നോടിയായി ആധാര വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് ആധാര രജിസ്ട്രേഷന്റെ തീയതിയും സമയവും മുൻകൂട്ടി |

നിശ്ചയിച്ച് ടോക്കൺ ലഭ്യമാക്കാൻ കഴിയും. ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, ആധാരപ്പകർപ്പ്, പ്രത്യേക വിവാഹത്തിനുള്ള അപേക്ഷ സമർപ്പിക്കൽ എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചുവരുന്നു. സഹകരണ സൊസൈറ്റികൾ, ബാങ്കുകൾ എന്നിവയുടെ പണയാധാരങ്ങളുടെ (ഗഹാൻ / ഗഹാൻ റിലീസ്) വിവരങ്ങൾ സമർപ്പിക്കുന്ന നടപടിയും ഓൺലൈൻ സംവിധാനത്തിൽ ടി ആഫീസുകളിൽ കൈകാര്യം ചെയ്തുവരുന്നു. തിരുവനന്തപുരം ജില്ലയിൽ ഡിജിറ്റൽ സിഗ്നേച്ചർ മുഖാന്തിരം ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ആഫീസുകളും ഓൺലൈൻ സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# ANNEXURE

## DETAILS OF LAND TRANSACTIONS

| NAME OF DISTRICT | YEAR 2011 | YEAR 2012 | YEAR 2013 | YEAR 2014 | YEAR 2015 |
|---|---|---|---|---|---|
| Thiruvananthapuram | 589747 | 563336 | 471506 | 459266 | 417355 |
| Kollam | 513944.7316 | 451416.04 | 397361.63 | 349519.1618 | 302705.9874 |
| Pathanamthitta | 135487 | 132831 | 127723 | 125219 | 119256 |
| Alappuzha | 165978.647 | 157367.17 | 156946.51 | 131681.78 | 126983.81 |
| Kottayam | 395194.89 | 354425.03 | 346712.23 | 291331.9 | 333328.86 |
| Idukki | 215715.08 | 213009.6 | 191903.2 | 170524.1 | 156100.6 |
| Ernakulam | 275493.1 | 266645.11 | 246365.54 | 236778.23 | 156067.45 |
| Thrissur | 504823.8 | 462925.99 | 418914.73 | 377819.91 | 205497.34 |
| Palakkad | 974945.6067 | 991356.2443 | 853425 | 615438.7 | 360380.662 |
| Malappuram | 894281 | 798961 | 606822 | 486300 | 404000 |
| Kozhikkode | 857626 | 820009.3772 | 737810.0613 | 626530.9926 | 574605.2992 |
| Wayanad | 50865.264 | 46556.39 | 41080.8 | 42339.89 | 37060.34 |
| Kasargod | 639336 | 622224 | 595736 | 506136 | 369204 |
| **Total (In Ares)** | **6213438.119** | **5881062.952** | **5192306.701** | **4418885.664** | **3562545.349** |
| **Total in Hectares** | **62134.38119** | **58810.62952** | **51923.06701** | **44188.85664** | **35625.45349** |

Section officer